## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2816 13.07.2015 - ൽ മറുപടിയ്ക്ക്**

## ഇൻസർവ്വീസ് ട്രെയിനിംഗ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.എഫ്.തോമസ്<br>ശ്രീ. മോൻസ് ജോസഫ്<br>ശ്രീ.റ്റി.യു.കുരുവിള<br>ശ്രീ. തോമസ് ഉണ്ണിയാടൻ | ശ്രീ. ഉമ്മൻചാണ്ടി<br>(ബഹു: മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| (എ) | സർക്കാർ ജീവനക്കാരുടെ സേവനം കൂടുതൽ മെച്ചപ്പെട്ടതാക്കുന്നതിന് അഡ്വൈസ് സമയം മുതൽ വിവിധ ഘട്ടങ്ങളിൽ എല്ലാവർക്കും ഇൻ സർവ്വീസ് ട്രെയിനിംഗ് നൽകുന്നതിന് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്ന കാര്യത്തിൽ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | സംസ്ഥാന പരിശീലന നയം അടിസ്ഥാനമാക്കി സർക്കാർ ഉദ്യോഗസ്ഥർക്ക് വികസനവും കാര്യക്ഷമതയും മുൻനിർത്തിയുള്ള വിവിധ തരത്തിലുള്ള പരിശീലന പരിപാടികൾ നിലവിൽ നടത്തിവരുന്നുണ്ട്. കാലാകാലങ്ങളിൽ വേണ്ടുന്ന മാറ്റങ്ങൾ ഉൾപ്പെടുത്തി ഭരണ സംവിധാനത്തിലെ നൂതന ആശയങ്ങൾ, നിയമങ്ങൾ തുടങ്ങിയവ പരിശീലന പരിപാടികളിൽ ഉൾപ്പെടുത്തുന്നുണ്ട്. സർവ്വീസിൽ പ്രവേശിക്കുന്ന സമയത്ത് നൽകുന്ന ഇൻഡക്ഷൻ ട്രെയിനിംഗ്, സ്ഥാനക്കയറ്റത്തോടനുബന്ധിച്ചുള്ള പരിശീലനം,സ്പെഷ്യലൈസ്ഡ് ട്രെയിനിംഗ്, സോഫ്ട് സ്കിൽസ് ട്രെയിനിംഗ് തുടങ്ങിയവയും ഇതിൽ ഉൾപ്പെടുന്നു. കൂടാതെ ബേസിക് ആൻഡ് അഡ്വാൻസ്ഡ് മാനേജ്മെന്റ് സർവ്വീസ് കോഴ്സ്, ഗുഡ് ഗവേണൻസ്, വാല്യൂസ് ഇൻ അഡ്മിനിസ്ട്രേഷൻ തുടങ്ങിയ ട്രയിനിംഗുകളും ഉദ്യോഗസ്ഥർക്ക് നൽകി വരുന്നുണ്ട്. ഓരോ വകുപ്പിലേയും ഉദ്യോഗസ്ഥർക്ക് ആവശ്യമായ പരിശീലന പരിപാടികൾ വിവിധ വകുപ്പുകളുടെ കീഴിലുള്ള പരിശീലന കേന്ദ്രങ്ങളിൽ നടത്തി വരുന്നുണ്ട്. കൂടാതെ നിലവിൽ കേരളത്തിലെ ജില്ലകളെ 3 മേഖലകളാക്കി തിരിച്ച് ഐ.എം.ജിയുടെ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിലെ സെന്ററുകളിൽ വെച്ച് ഉദ്യോഗസ്ഥർക്ക് ഫലപ്രദമായി പരിശീലനം നൽകി വരുന്നുണ്ട്. പി.എസ്.സി. അഡ്വൈസ് ചെയ്യുന്ന മുഴുവൻ ജീവനക്കാർക്കും ഇൻഡക്ഷൻ പരിശീലനം നിർബന്ധിതമാക്കുന്നത് സംബന്ധിച്ച് നടപടികൾ പുരോഗമിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (ബി) | സർക്കാർ - പൊതുമേഖലകളിലെ സേവനം കാര്യക്ഷമമാക്കുന്നതിന് ഒരു പുതിയ ഭരണപരിഷ്കാര കമ്മീഷനെ നിയമിക്കുവാൻ നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) | ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**